പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2824 **28-10-2026-ൽ മറുപടിയ്ക്ക്**

വനിതാ മത്സ്യത്തൊഴിലാളികൾക്കുള്ള ഷീ - സ്കൂട്ടർ പദ്ധതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ഡോ. മാത്യു കുഴൽനാടൻ
ശ്രീ. കെ. എം. അഭിജിത്ത്
ശ്രീമതി കെ. കെ. രമ
ശ്രീ. രമേഷ് പിഷാരടി

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഇ. അബ്ദുൽ ഗഫൂർ
(മത്സ്യബന്ധനം - സാമൂഹ്യനീതി വകുപ്പ് മന്ത്രി)

(എ) മത്സ്യവിൽപ്പന നടത്തി ഉപജീവനം നടത്തുന്ന സ്ത്രീകളുടെ തൊഴിൽസൗകര്യം മെച്ചപ്പെടുത്തുന്നതിനും ഗതാഗതച്ചെലവ് കുറയ്ക്കുന്നതിനുമായി ഇലക്ട്രിക് സ്കൂട്ടർ സഹായ പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: ഉണ്ട്. മത്സ്യവിൽപ്പന നടത്തി ഉപജീവനം നടത്തുന്ന സ്ത്രീകളുടെ തൊഴിൽസൗകര്യം മെച്ചപ്പെടുത്തുന്നതിനും ഗതാഗതച്ചെലവ് കുറയ്ക്കുന്നതിനുമായി സാഫ് 2026-27 സാമ്പത്തിക വർഷത്തിൽ ഷീ സ്കൂട്ടർ (Electric) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം മത്സ്യ കച്ചവടം നടത്തുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കും സാഫ് യൂണിറ്റുകളിലെ ഗുണഭോക്താക്കൾക്കും പ്രയോജനം ലഭിക്കുന്ന വിധത്തിലും ബിസിനസ്സ് വർദ്ധിപ്പിക്കുന്ന തരത്തിലുമായാണ് തീരദേശ ജില്ലകളിലും കോട്ടയം ജില്ലയിലുമായി ഷീ സ്കൂട്ടർ (Electric) പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. ഗുണഭോക്താക്കൾ നേരിട്ട് വാഹനങ്ങൾ തിരഞ്ഞെടുക്കുകയും അവരുടെ സംരംഭം നടത്തുന്നതിന് ഉതകുന്ന തരത്തിൽ ആവശ്യമായ ബോക്സുകളും മറ്റും ഘടിപ്പിക്കുന്നതിനും ആവശ്യമായ തുക ചെലവഴിക്കുന്നതിനും വ്യവസ്ഥ ചെയ്തിരുന്നു.ഇത്തരത്തിൽ, ഗുണഭോക്താക്കൾ നേരിട്ട് വാഹനത്തിന്റെ DEMO കണ്ട്, വിവിധ ഏജൻസികൾ വഴിയാണ് വാഹനം തിരഞ്ഞെടുത്തിരിക്കുന്നത്. ഇത്തരത്തിൽ ഗുണഭോക്താക്കൾ നേരിട്ട് കണ്ട് തിരഞ്ഞെടുക്കുന്ന വാഹനത്തിന്റെ 75 ശതമാനം (പരമാവധി ഒരു ലക്ഷം രൂപ വരെ) സർക്കാർ ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്. വാഹനത്തിന്റെ ബാക്കി തുക ഗുണഭോക്താക്കൾ സ്വന്തമായി കണ്ടെത്തുന്നു.

ഈ പദ്ധതിയിലൂടെ നൂറുദിന കർമ്മപരിപാടിയുടെ ഭാഗമായി ഷീ സ്കൂട്ടർ പദ്ധതിയുടെ സംസ്ഥാനതല വിതരണോദ്ഘാടനവും താക്കോൽ വിതരണവും ബഹു. മുഖ്യമന്ത്രി 5/10/2026 ന്

തിരുവനന്തപുരത്ത് വെച്ച് നിർവ്വഹിച്ചു.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര ഗുണഭോക്താക്കൾക്ക് ഇലക്ട്രിക് സ്കൂട്ടർ ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇലക്ട്രിക് സ്കൂട്ടർ വാങ്ങുന്നതിനായി ഗുണഭോക്താക്കൾക്ക് എത്ര തുക ധനസഹായമായി നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും സബ്സിഡി, വായ്പ തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാക്കുമോയെന്നും വ്യക്തമാക്കുമോ;

മറുപടി: പ്രസ്തുത പദ്ധതിയിലൂടെ 100 ഗുണഭോക്താക്കൾക്ക് ഷീ സ്കൂട്ടർ ലഭ്യമാക്കും. ഇതിൽ 83 ഗുണഭോക്താക്കൾക്ക് വാഹനം നൽകിയിട്ടുണ്ട്. ബാക്കി വരുന്ന 17 പേർക്ക് വാഹനം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഗുണഭോക്താക്കൾ നേരിട്ട് കണ്ട് തിരഞ്ഞെടുക്കുന്ന വാഹനത്തിന്റെ 75 ശതമാനം (പരമാവധി ഒരു ലക്ഷം രൂപ വരെ) സർക്കാർ ഗ്രാന്റായാണ് അനുവദിക്കുന്നത്. വാഹനത്തിന്റെ ബാക്കി തുക ഗുണഭോക്താക്കൾ സ്വന്തമായി കണ്ടെത്തുന്ന വിധത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. വാഹനം വാങ്ങുന്നതിന് സാഫിൽ നിന്ന് വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നില്ല.

(സി) പദ്ധതിയുടെ ഭാഗമായി സ്കൂട്ടറുകൾക്കൊപ്പം മത്സ്യവിൽപ്പനയ്ക്ക് ആവശ്യമായ ശീതീകരണ സംഭരണ സൗകര്യങ്ങളും സംവിധാനങ്ങളും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; പ്രസ്തുത പദ്ധതി എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മറുപടി: നിലവിൽ മത്സ്യവിൽപ്പന നടത്തുന്നതിനായി ഷീ സ്കൂട്ടർ (Electric) മാത്രമാണ് നൽകുന്നത്. ശീതീകരണ സംഭരണ സൗകര്യങ്ങൾക്കും സംവിധാനങ്ങൾക്കും ആവശ്യമായ തുക സ്വന്തം നിലയിൽ ചെലവഴിക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

സെക്ഷൻ ഓഫീസർ